കട്ടനാട്ടിലെ കളങ്ങളുടെ നവീകരണം

187 (3163) ശ്രീ. ഉഷ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :.

(എ) കട്ടനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന് കീഴിൽ കളങ്ങളും കിണറുകളും നവീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതിയ പ്രൊപ്പോസലുകൾ ക്ഷണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതിയിൽ കട്ടനാട്ടിലെ കളങ്ങൾ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കട്ടനാട് നിയോജക മണ്ഡലത്തിലെ കൈനകരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മാറാഞ്ചേരികളും കട്ടനാട് പാക്കേജ് 2-ാം ഘട്ടത്തിലുൾപ്പെടുത്തി അംഗീകാരം നൽകിയിരുന്നു. എന്നാൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ടി കളത്തിലെ ജലം പങ്കു വയ്ക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചിട്ടില്ലാത്തതിനാൽ പണികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കട്ടനാട് നിയോജകമണ്ഡലത്തിൽ ഈ വകുപ്പു മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കിണർ നവീകരണം ഉൾപ്പെട്ടിട്ടില്ല.

(ബി) പുതിയ പ്രൊപ്പോസലുകൾ ഒന്നും ക്ഷണിച്ചിട്ടില്ല.

(സി) കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി കട്ടനാട് നിയോജക മണ്ഡലത്തിലെ വെളിയനാട്, എടത്വാ, കൈനകരി, കാവാലം, പുളിങ്കുന്ന്, നീലംപേരൂർ, നെടുമുടി എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട കളങ്ങളുടെ പുനരുദ്ധാരണത്തിനായി അപേക്ഷ ലഭിച്ചിരുന്നു. ആയതിൽ നെടുമുടി, നീലംപേരൂർ ഒഴികെയുള്ള പഞ്ചായത്തുകളിലെ കളങ്ങളുടെ സ്ഥലപരിശോധന ആലപ്പുഴ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പൂർത്തിയാക്കിയിട്ടുണ്ട്. നെടുമുടി, നീലംപേരൂർ എന്നീ പഞ്ചായത്തുകളിലെ സ്ഥല പരിശോധന ഉടൻ പൂർത്തീകരിക്കുന്നതാണ്. സ്ഥല പരിശോധന പൂർത്തിയാക്കിയ കളങ്ങളുടെയും പൂർത്തിയാക്കാനുള്ള കളങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly